
# കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ആഗസ്ത്

# 2019




## പ്രൈസസ് വിഭാഗം

## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

## തിരുവനന്തപുരം

## 2019

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

28/09/19 — ഡയറക്ടർ

## ആമുഖം

ലോകത്തിന് ഇന്ന് ഏറ്റവും ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന പ്രതിഭാസമാണ് കാലാവസ്ഥ വ്യതിയാനം. ഇതിന്റെ ഭീഷണി കേരളത്തെയും ബാധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് സമീപ വർഷങ്ങൾ നൽകുന്ന സൂചന.

കഴിഞ്ഞ വർഷം കേരളത്തിൽ സംഹാര താണ്ഡവമാടിയ പ്രളയത്തിന്റെ ഓർമയുമായാണ് ആഗസ്ത് മാസം കടന്നു വന്നത്. 34 ശതമാനം മഴക്കുറവോടെ ഒരു വരൾച്ചയുടെ ആശങ്കയിലായിരുന്നു കാർഷിക മേഖല. എന്നാൽ കേരളത്തിലെ കാർഷിക മേഖലയെ വീണ്ടും കടുത്ത പ്രതിസന്ധിയിൽ എത്തിച്ചുകൊണ്ട് പ്രളയം തകർത്തെറിയുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. 6 ദിവസം കൊണ്ട് 453 .4 മില്ലീ മീറ്റർ മഴയാണ് ഈ കാലയളവിൽ പെയ്തൊഴിഞ്ഞത്. 31,015 ഹക്ടർ കൃഷി നശിച്ചതായാണ് റിപ്പോർട്ടുകൾ നെൽകൃഷിക്കാണ് ഏറ്റവും കൂടുതൽ നാശം സംഭവിച്ചത്. 19,495 െഹക്ടറിൽ നെൽകൃഷി നശിച്ചു വാഴ, തെങ്ങു, പച്ചക്കറി, കുരുമുളക് എന്നിവയുടെ കൃഷിയിലും കനത്ത നാശമാണ് റിപ്പോർട്ട് ചെയ്തത്. ഇത് ഓണക്കാലത്തെ സാധനങ്ങളുടെ വിലയെ സ്വാധീനിക്കാൻ സാധ്യതയുണ്ട്.

വരൾച്ച കാരണം നെൽകൃഷിയിൽ ലക്ഷ്യമിട്ടതിലും കുറവ് മാത്രമാണ് ഒന്നാം വിള ഇറക്കാനായത് . ഇതിൽ നല്ലൊരു ഭാഗം പ്രളയത്തിൽ നശിച്ചത് നെല്ല് ഉത്പാദനത്തെ കാര്യമായി ബാധിക്കാൻ ഇടയുണ്ട്

ആഗസ്ത് മാസാരംഭത്തിൽ കേരളത്തിൽ 30 ശതമാനത്തോളം മഴക്കുറവുണ്ടായ സ്ഥാനത് ആഗസ്ത് അവസാനത്തിൽ 7 ശതമാനം അധിക മഴ ലഭിച്ചതായാണ് റിപ്പോർട്ട്. കണക്കുകളിൽ അധിക മഴ ലഭിച്ചെങ്കിലും കാർഷിക മേഖലയെ സംബന്ധിച്ച് ഇത് തികച്ചും പ്രതികൂലമായ അവസ്ഥയാണ് സൃഷ്ടിക്കുന്നത് കൃഷിയുടെ ഓരോ ഘട്ടത്തിലും ലഭിക്കേണ്ടുന്ന മഴ ഒരാഴ്ച കൊണ്ട് പെയ്തൊഴിഞ്ഞു പോകുന്നത് വൻ പ്രതിസന്ധിയാണ് കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നത്.

കേരളത്തിൽ മാത്രമല്ല പഞ്ചാബ് ,കർണാടകം, മഹാരാഷ്ട്ര ,മധ്യപ്രദേശ്, ആസാം, ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും ഇത്തവണ പ്രളയം കാരണം കനത്ത തോതിലുള്ള കൃഷി നാശം സംഭവിച്ചിട്ടുണ്ട്. ഇത് ഭാവിയിൽ കേരളത്തിൽ സവാള , ഉള്ളി ,പയർ വർഗ്ഗങ്ങൾ , പച്ചക്കറി വർഗ്ഗങ്ങൾ എന്നിവയുടെ വിലയിൽ കാര്യമായി പ്രതിഫലിക്കാൻ ഇടയുണ്ട്.

കേന്ദ്ര കാർഷിക മന്ത്രാലയം പ്രധാന വിളകളുടെ നാലാം അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പുറത്തിറക്കി ഇത് പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം ഏതാണ്ട് കഴിഞ്ഞ വർഷത്തെ അതെ നില തന്നെ തുടരുകയാണ്. നെല്ലിന്റെയും ,ഗോതമ്പിന്റെയും ഉല്പാദനത്തിൽ 2018 -19 കാലയളവിൽ റെക്കോർഡ് ഉത്പാദനമാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത് 2017-18 ൽ 112.76 മില്യൺ ടൺ ആയിരുന്ന ഉത്പാദനം 2018-19 ൽ 116.42 എന്ന റെക്കോർഡ് ഉല്പാദനത്തിൽ എത്തി നിൽക്കുന്നു.

പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണു റിപ്പോർട്ട് സൂചിപ്പിക്കുന്നത് കഴിഞ്ഞ വർഷത്തെ 25.42 മില്യൺ ടണിന്റെ സ്ഥാനത്തു 2018 -19 ൽ 23.40 മില്യൺ ടണിന്റെ ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത് നിലവിൽ പയർ വർഗ്ഗങ്ങളുടെ വില വർധിച്ചു നിൽക്കുകയും, ഖരീഫ് സീസണിലെ കാർഷിക വിസ്തൃതിയിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഉല്പാദനത്തിലെ ഈ കുറവ് ഭാവിയിൽ വിലയിൽ പ്രതിഫലിക്കാൻ സാധ്യത ഉള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം ഖരീഫ് വിളകളുടെ മൊത്തം കാർഷിക വിസ്തൃതിയിൽ 17.67 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ 17 .57 ശതമാനവും പയർ വർഗ്ഗങ്ങളിൽ 3 .56 ശതമാനത്തിന്റെയും കുറവ് കാണിക്കുന്നു.

പ്രളയം കാരണമുള്ള കൃഷി നാശവും കാർഷിക വിസ്തൃതിയിലെ കുറവും 2019 -20 മാർക്കറ്റിംഗ് സീസണിൽ കാർഷികോല്പാദനത്തിൽ കുറവുണ്ടാവാനുള്ള സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സപ്തംബർ മാസത്തിൽ ഓണത്തോട് അനുബന്ധിച്ചു ഉണ്ടാവാൻ സാധ്യതയുള്ള വിലക്കയറ്റം മുന്നിൽ കണ്ടുകൊണ്ട് സർക്കാർ കാര്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ,സപ്ലൈകോ വഴിയും വിവിധ സർക്കാർ, സഹകരണ ഏജൻസികൾ വഴിയും സാധനങ്ങൾ വിലക്കുറവിൽ നൽകിക്കൊണ്ട് ആവശ്യസാധനങ്ങളുടെയും പച്ചക്കറികളുടെയും വിലക്കയറ്റത്തെ പിടിച്ചു നിർത്തുന്നതിനാണ് ശ്രമിക്കുന്നത്. ഇത് ഓണക്കാലത്തെ വിലക്കയറ്റത്തിൽ നിന്നും മുക്തമാക്കുമെന്നു പ്രതീക്ഷിക്കാം


## I. ധാന്യങ്ങൾ

പ്രളയവും ഇതുമൂലമുണ്ടായ ഗതാഗത തടസ്സങ്ങളും അരിയുടെ വിലയിൽ നേരിയൊരു വർദ്ധനവിന്റെ പ്രവണത കാണിച്ചു, എന്നാൽ ഇത് വലിയൊരു വിലക്കയറ്റത്തിലേക്ക് പോവാൻ സാധ്യത ഇല്ല. നിലവിൽ ആവശ്യത്തിന് അരിയുടെ നീക്കിയിരുപ്പ് പൊതുവിപണിയിലും അതുപോലെ എഫ് സി ഐ ഉൾപ്പെടെയുള്ള ഏജൻസികളുടെ പക്കലും ഉണ്ട് അതിനാൽ തന്നെ സമീപ ഭാവിയിൽ അരിയുടെ വിലയിൽ കാര്യമായ ഒരു വർദ്ധനവിനുള്ള സാധ്യത നിലനിൽക്കുന്നില്ല.

അഖിലേന്ത്യാടിസ്ഥാനത്തിൽ ഖരീഫ് സീസണിൽ നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ നിലവിൽ കാര്യമായ കുറവ് കാണിക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ ചെറിയൊരു ശതമാനത്തിന്റെ കുറവ് നിലവിൽ കാണിക്കുന്നു

സപ്ലൈകോയുടെ നെല്ല് സംഭരണം അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുകയാണ് ഇതുവരെ ഏതാണ്ട് 7 ലക്ഷം ടണ്ണോളം നെല്ല് സംഭരിച്ചിട്ടുണ്ട്

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.34 | 37.97 | 38.79 | 2.16 | -1.40 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 39.75 | 39.50 | -0.63 | -10.23 |
| 3 | റോസ് | കിലോഗ്രാം | 39.63 | 38.64 | 39.34 | 1.81 | -0.73 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.40 | 36.71 | 36.70 | -0.03 | 0.82 |
| 5 | ജയ | കിലോഗ്രാം | 36.34 | 35.77 | 36.06 | 0.80 | -0.77 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.11 | 34.79 | 34.23 | -1.60 | 3.39 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ വില കുറയുന്നതിനുള്ള യാതൊരു പ്രവണതയും മാർക്കറ്റിൽ ദൃശ്യമായില്ല .മിക്ക ഇനങ്ങൾക്കും നേരിയൊരു വിലക്കയറ്റം തുടർന്നു..


കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ആഗസ്ത് 30 തീയ്യതിയിലെ കണക്ക് പ്രകാരം ഖരീഫ് സീസണിൽ കാർഷിക വിസ്തൃതിയിൽ 3.57 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.പ്രധാനപ്പെട്ട എല്ലാ ഇനം പയർ വർഗ്ഗങ്ങളിലും ഈ കുറവ് ദൃശ്യമാണ്.

പയർ വർഗ്ഗങ്ങളുടെ ഉല്പാദന സംസ്ഥാനങ്ങളിൽ ഉണ്ടായ പ്രളയം കാരണം കൃഷിക്കുണ്ടായ നാശവും കാർഷിക വിസ്തൃതിയിൽ ഇതുവരെയുള്ള കുറവും ഭാവിയിൽ പയർ വർഗ്ഗങ്ങളുടെ വിലയെ ബാധിച്ചേക്കാം

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തിറക്കിയ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ടിലും ഏതാണ്ട് എല്ലാ പയർ വർഗ്ഗങ്ങളുടെയും ഉല്പാദനത്തിൽ കുറവ് കാണിക്കുന്നു. പയർ വർഗ്ഗങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്

.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 89.24 | 94.11 | 95.69 | 1.68 | 7.23 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.14 | 97.09 | 97.71 | 0.64 | 8.40 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 80.90 | 94.73 | 94.94 | 0.22 | 17.35 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.77 | 92.00 | 91.23 | -0.84 | 14.37 |
| 5 | വൻപയർ | കിലോഗ്രാം | 68.30 | 73.14 | 77.54 | 6.02 | 13.53 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 81.19 | 99.20 | 99.54 | 0.34 | 22.60 |
| 7 | കടല(വലുത്) | കിലോഗ്രാം | 73.04 | 76.20 | 77.26 | 1.39 | 5.78 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 64.25 | 72.59 | 73.68 | 1.50 | 14.68 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 56.55 | 67.75 | 69.52 | 2.61 | 22.94 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.71 | 71.83 | 71.95 | 0.18 | 4.72 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

കഴിഞ്ഞ ഏതാനും മാസങ്ങളായി വർദ്ധിച്ചുകൊണ്ടിരുന്ന ഇറച്ചിക്കോഴിയുടെ വില കുത്തനെ കുറഞ്ഞു വരുന്ന കാഴ്ചയാണ് അവലോകനമാസത്തിൽ ദൃശ്യമായത്. തമിഴ്നാട്ടിലും കേരളത്തിലും ഉത്പാദനം വർദ്ധിച്ചതാണ് വില കുറയാൻ കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്. ഓണത്തോടനുബന്ധിച്ചു സപ്തംബറിൽ വില അല്പം വർധിക്കാൻ സാധ്യതയുണ്ടെന്നാണു സൂചന.

പഞ്ചസാരയുടെ വിലയിൽ നേരിയൊരു വിലക്കയറ്റം ദൃശ്യമായി. എന്നാൽ കാര്യമായ ഒരു വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന .

കോഴിമുട്ടയുടെ വിലയിലും കാര്യമായ കുറവ് രേഖപ്പെടുത്തി എന്നാൽ ഒക്ടോബർ നവംബർ മാസങ്ങളിൽ വില വീണ്ടും വർധിക്കാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.37 | 37.92 | 38.38 | 1.21 | -2.51 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 152.04 | 155.48 | 155.38 | -0.06 | 2.20 |
| 3 | ശർക്കര | കിലോഗ്രാം | 56.14 | 50.91 | 54.27 | 6.60 | -3.33 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 55.83 | 57.19 | 51.34 | -10.23 | -8.04 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 539.07 | 574.82 | 578.57 | 0.65 | 7.33 |
| 6 | കോഴി(ബ്രോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 100.74 | 101.50 | 97.97 | -3.48 | -2.75 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.81 | 147.48 | 147.56 | 0.05 | -0.17 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.00 | 162.12 | 162.54 | 0.26 | 0.33 |




## IV. എണ്ണയും എണ്ണക്കുരുക്കളും

കഴിഞ്ഞ ഏതാനും മാസങ്ങളായുള്ള വിലത്തകർച്ചയ്ക്കു ശേഷം ആഗസ്ത് മധ്യത്തോടുകൂടി തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് ദൃശ്യമായത്, നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസത്തിന് വക നൽകി. സപ്തംബർ മാസത്തിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന കഴിഞ്ഞ വേനൽ കാലത്തുണ്ടായ രൂക്ഷമായ വരൾച്ച കാരണം തേങ്ങയുടെ ഉല്പാദനവും തമിഴ്നാട്ടിൽ നിന്നുള്ള കൊപ്രയുടെ വരവ് കുറഞ്ഞതുമാണ് തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലക്കയറ്റത്തിന് കാരണമെന്നാണ് വിപണിയിൽ നിന്നുള്ള വിവരം.

മറ്റ് എന്ന ഇനങ്ങളുടെ വില ഏതാണ്ട് സ്ഥിരത നിലനിർത്തി .

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 205.08 | 170.09 | 179.96 | 5.80 | -12.25 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 148.50 | 158.00 | 158.00 | 0.00 | 6.40 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 94.58 | 98.13 | 98.15 | 0.02 | 3.77 |
| 4 | നല്ലെണ്ണ | ലിററർ | 173.60 | 221.52 | 215.86 | -2.56 | 24.34 |
| 5 | കടുക് എണ്ണ | ലിററർ | 137.40 | 138.00 | 135.75 | -1.63 | -1.20 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 96.43 | 100.45 | 99.10 | -1.34 | 2.77 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 95.75 | 97.16 | 98.27 | 1.14 | 2.63 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 198.30 | 157.89 | 174.56 | 10.56 | -11.97 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

മുളകിന്റെ വിലയിൽ തുടർച്ചയായ വർദ്ധനവ് രേഖപ്പെടുത്തി.പ്രളയം കാരണം മാർക്കറ്റിൽ ലഭ്യതക്കുറവും വിദേശ വിപണിയിൽ നിന്നുള്ള ഡിമാന്റ് വർധിച്ചതും വില വർദ്ധനവിന് കരണമായെന്നാണ് റിപ്പോർട്ട്. പ്രത്യേകിച്ച് ചൈനയിലേക്കുള്ള കയറ്റുമതി ഈ കാലയളവിൽ കാര്യമായി വർദ്ധിച്ചു ആന്ധ്രാപ്രദേശിലെ ഗുണ്ടുർ ജില്ലയിൽ റെക്കോർഡ് വിലയാണ് രേഖപ്പെടുത്തിയതെന്നാണ് അവിടെ നിന്നുള്ള റിപ്പോർട്ട്. ആന്ധ്രാപ്രദേശ് തെലുങ്കാന ,കർണാടകം എന്നിവിടങ്ങളിൽ ഈ വർഷം മുളക് കൃഷി കാര്യമായി വർദ്ധിച്ചതായാണ് റിപ്പോർട്ട് ആയതിനാൽ ഒക്ടോബറോടുകൂടി വില കുറഞ്ഞുവരാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള വിവരം

വെളുത്തുള്ളിയുടെ വിലയിൽ വിലക്കയറ്റം തുടരുകയാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏതാണ്ട് 83 ശതമാനത്തോളം വില വർദ്ധനവാണ് രേഖപ്പെടുത്തിയത് ആഭ്യന്തര ഉപഭോഗം കൂടിയതും ചൈന ഉൾപ്പെടെയുള്ള വിദേശ വിപണികളിൽ നിന്നുള്ള ഡിമാന്റ് വർധിച്ചതുമാണ് വിലക്കയറ്റത്തിന് കാരണമെന്നാണ് വിപണി നൽകുന്ന വിവരം.

കുരുമുളകിന്റെ വില ഏതാണ്ട് സ്ഥിരത നിലനിർത്തി

| ം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 82.67 | 102.68 | 102.74 | 0.06 | 24.28 |
| 2 | മുളക് | കിലോഗ്രാം | 125.46 | 134.52 | 143.71 | 6.83 | 14.55 |
| 3 | ഉള്ളി | കിലോഗ്രാം | 53.47 | 62.52 | 60.99 | -2.45 | 14.06 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 162.36 | 141.61 | 140.17 | -1.02 | -13.67 |
| 5 | ജീരകം | 100 ഗ്രാം | 29.70 | 30.00 | 30.01 | 0.03 | 1.04 |
| 6 | കടുക് | 100 ഗ്രാം | 8.83 | 9.43 | 9.59 | 1.70 | 8.61 |
| 7 | ഉലുവ | 100 ഗ്രാം | 9.30 | 9.80 | 10.01 | 2.14 | 7.63 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.26 | 18.96 | 18.84 | -0.63 | 3.18 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.03 | 12.55 | 12.86 | 2.47 | 82.93 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 454.46 | 414.23 | 417.51 | 0.79 | -8.13 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളിൽ അവലോകനമാസമായ ആഗസ്തിൽ ഏതാണ്ട് സമ്മിശ്ര പ്രതികരണമാണ് ദൃശ്യമായത് കാരറ്റ്, ബീറ്റ്റൂട്ട്, ചേമ്പ്, ചേന എന്നിവയുടെ വിലയിൽ കുറവ് ദൃശ്യമായപ്പോൾ ഉരുളക്കിഴങ്ങ്, മരച്ചീനി എന്നിവയുടെ വിലയിൽ മാസാവസാനം വിലക്കയറ്റം ദൃശ്യമായി.

പ്രളയവും ഓണം സീസണും കാരണം സപ്തംബർ ആദ്യവാരങ്ങളിൽ വിലക്കയറ്റത്തിനുള്ള സാധ്യത കാണുന്നുണ്ട്

.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 36.34 | 38.98 | 37.26 | -4.41 | 2.53 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 23.95 | 27.00 | 26.77 | -0.85 | 11.77 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 35.40 | 27.41 | 28.69 | 4.67 | -18.95 |
| 4 | ചേമ്പ് | കിലോഗ്രാം | 60.37 | 68.92 | 73.43 | 6.54 | 21.63 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 39.75 | 44.50 | 42.13 | -5.33 | 5.99 |
| 6 | കാരററ് | കിലോഗ്രാം | 64.49 | 67.09 | 60.79 | -9.39 | -5.74 |




## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ആഗസ്തിൽ സവാള, വള്ളിപ്പയർ, വാഴയ്ക്ക എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ കാര്യമായ വിലക്കയറ്റം ദൃശ്യമായില്ല ഓണത്തോട് അനുബന്ധിച്ചു വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു സർക്കാർ തലത്തിൽ വ്യാപകമായ ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്. ഇത് ഒരു പരിധിവരെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു സഹായിച്ചിട്ടുണ്ട് എന്നാൽ മാസാവസാനം ചില ഇനങ്ങൾക്കെങ്കിലും വില കയറുന്നതിനുള്ള പ്രവണത നില നിൽക്കുന്നുണ്ട്

പ്രളയം കാരണം പച്ചക്കറി ഇനങ്ങൾക്ക് വ്യാപകമായ നാശം സംഭവിച്ചിട്ടുണ്ടെന്നാണ് വിവരം പ്രത്യേകിച്ച് വാഴ കൃഷി .സപ്തംബറിൽ ഓണം അടുക്കുന്നതോടെ വാഴയ്ക്ക ,ഏത്തയ്ക്ക ,ബീൻസ് സവാള എന്നിവയുടെ വില വീണ്ടും വർദ്ധിക്കാൻ ഇടയുണ്ട്

സവാള ,തക്കാളി എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യതയുണ്ട്.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **24.57** | **24.48** | **30.66** | **25.25** | **24.79** |
| 2 | വഴുതന | കിലോഗ്രാം | **37.83** | **35.55** | **34.73** | **-2.31** | **-8.19** |
| 3 | മത്തങ്ങ | കിലോഗ്രാം | **23.91** | **27.20** | **21.91** | **-19.45** | **-8.36** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **33.13** | **21.71** | **21.93** | **1.01** | **-33.81** |
| 5 | വെണ്ടക്ക | കിലോഗ്രാം | **44.24** | **36.02** | **35.43** | **-1.64** | **-19.91** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **49.39** | **54.52** | **55.01** | **0.90** | **11.38** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **66.75** | **48.45** | **55.94** | **15.46** | **-16.19** |
| 8 | കാബേജ് | കിലോഗ്രാം | **32.24** | **42.21** | **37.06** | **-12.20** | **14.95** |
| 9 | പാവയ്ക്ക | കിലോഗ്രാം | **59.85** | **51.02** | **47.31** | **-7.27** | **-20.95** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **30.43** | **23.09** | **22.24** | **-3.68** | **-26.91** |
| 11 | പടവലങ്ങ | കിലോഗ്രാം | **44.73** | **36.75** | **36.31** | **-1.20** | **-18.82** |
| 12 | തക്കാളി | കിലോഗ്രാം | **23.50** | **37.20** | **30.73** | **-17.39** | **30.77** |
| 13 | പച്ചമുളക് | 100 ഗ്രാം | **6.28** | **6.10** | **5.07** | **-16.89** | **-19.27** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **55.56** | **45.50** | **40.56** | **-10.86** | **-27.00** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **34.08** | **35.82** | **38.09** | **6.34** | **11.77** |




## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ അവലോകനമാസമായ ആഗസ്തിൽ മിക്ക ഇനങ്ങൾക്കും വില വർദ്ധനവ് ദൃശ്യമായിരുന്നു.ഏത്തപ്പഴത്തിന്റെ വിലയിൽ വിലക്കുറവുണ്ടായെങ്കിലും വാഴപ്പഴങ്ങളുടെ വിലയിൽ വർദ്ധനവ് അനുഭവപ്പെട്ടു.

പ്രളയത്തിൽ വാഴകൃഷിക്ക് വ്യാപകമായ നാശം സംഭവിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് .ഇവ മിക്കവാറും ഓണ വിപണിയെ ലക്ഷ്യമിട്ടുകൊണ്ട് കൃഷി ചെയ്തിരുന്നതാണ്. ഇത് കാരണം ഓണക്കാലത്ത് ഈത്തപ്പഴത്തിന്റെയും വാഴപ്പഴത്തിന്റെയും വിലയിൽ വർദ്ധനവിനുള്ള സാധ്യതയുണ്ട് .

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **98.86** | **107.26** | **111.20** | **3.67** | **12.48** |
| 2 | മുസമ്പി | കിലോഗ്രാം | **55.85** | **70.38** | **69.72** | **-0.93** | **24.84** |
| 3 | മാതളം | കിലോഗ്രാം | **91.75** | **104.50** | **112.67** | **7.81** | **22.80** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **132.51** | **145.33** | **137.15** | **-5.63** | **3.50** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **62.52** | **54.03** | **49.78** | **-7.86** | **-20.38** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **32.29** | **39.61** | **46.79** | **18.12** | **44.89** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **57.06** | **74.09** | **76.77** | **3.62** | **34.53** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **50.91** | **55.20** | **62.55** | **13.31** | **22.88** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **29.00** | **36.07** | **37.31** | **3.44** | **28.65** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **71.39** | **64.66** | **105.20** | **62.70** | **47.36** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **19.45** | **22.84** | **24.55** | **7.47** | **26.19** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **89.31** | **136.94** | **111.46** | **-18.61** | **24.80** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **77.91** | **109.54** | **93.45** | **-14.68** | **19.95** |




## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകന മാസമായ ആഗസ്തിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ അതിരാത്ത നിലനിർത്തി.സിമന്റിന്റെ വില ഏതാണ്ട് നാനൂറു രൂപയ്ക്കടുത്തായി നേരിയൊരു ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു.

നിർമ്മാണ മേഖലയിലെ മാന്ദ്യവും പ്രതിസന്ധിയും കാരണം വിലയിൽ കാര്യമായ മാറ്റത്തിനു സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നില്ല സൂചന

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.21** | **20.00** | **20.00** | **0.00** | **-1.04** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **28.07** | **29.79** | **28.40** | **-4.67** | **1.18** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **503.33** | **495.00** | **495.00** | **0.00** | **-1.65** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **405.38** | **398.39** | **394.97** | **-0.86** | **-2.57** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **399.75** | **392.68** | **389.26** | **-0.87** | **-2.62** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **54.79** | **52.55** | **51.11** | **-2.74** | **-6.72** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.84 | 37.83 | 37.97 | 0.37 | -4.69 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 40.00 | 39.75 | -0.63 | -9.66 |
| 3 | റോസ് | കിലോഗ്രാം | 40.15 | 38.54 | 38.64 | 0.26 | -3.76 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.23 | 36.69 | 36.71 | 0.05 | 1.32 |
| 5 | ജയ | കിലോഗ്രാം | 36.63 | 35.63 | 35.77 | 0.41 | -2.33 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.19 | 34.98 | 34.79 | -0.55 | 8.06 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 90.46 | 93.30 | 94.11 | 0.87 | 4.03 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.50 | 95.98 | 97.09 | 1.16 | 8.48 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 83.55 | 95.00 | 94.73 | -0.28 | 13.38 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.84 | 92.27 | 92.00 | -0.29 | 15.23 |
| 5 | വൻപയർ | കിലോഗ്രാം | 69.38 | 71.07 | 73.14 | 2.91 | 5.42 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 80.75 | 97.86 | 99.20 | 1.37 | 22.85 |
| 7 | കടല(വലുത്) | കിലോഗ്രാം | 70.39 | 76.00 | 76.20 | 0.26 | 8.25 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 60.97 | 72.22 | 72.59 | 0.51 | 19.06 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 50.25 | 68.33 | 67.75 | -0.85 | 34.83 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.94 | 72.23 | 71.83 | -0.56 | 4.18 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.15 | 38.02 | 37.92 | -0.26 | -3.14 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 151.73 | 155.38 | 155.48 | 0.06 | 2.47 |
| 3 | ശർക്കര | കിലോഗ്രാം | 53.00 | 51.50 | 50.91 | -1.15 | -3.94 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 61.65 | 57.37 | 57.19 | -0.31 | -7.23 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 535.54 | 570.54 | 574.82 | 0.75 | 7.33 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 107.19 | 126.87 | 101.50 | -20.00 | -5.31 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.23 | 147.50 | 147.48 | -0.01 | -0.51 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.81 | 161.71 | 162.12 | 0.25 | 0.19 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 206.41 | 170.86 | 170.09 | -0.45 | -17.60 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 147.00 | 158.00 | 158.00 | 0.00 | 7.48 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 94.21 | 97.81 | 98.13 | 0.33 | 4.16 |
| 4 | നല്ലെണ്ണ | ലിററർ | 165.25 | 221.96 | 221.52 | -0.20 | 34.05 |
| 5 | കടുക് എണ്ണ | ലിററർ | 137.40 | 138.00 | 138.00 | 0.00 | 0.44 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 95.88 | 99.91 | 100.45 | 0.54 | 4.77 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 95.21 | 97.15 | 97.16 | 0.01 | 2.05 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 200.32 | 159.57 | 157.89 | -1.05 | -21.18 |

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2018 | ജൂലൈ 2019 | ആഗസ്റ്റ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 83.54 | 101.57 | 102.68 | 1.09 | 22.91 |
| 2 | മുളക് | കിലോഗ്രാം | 125.43 | 130.55 | 134.52 | 3.04 | 7.25 |
| 3 | ഉള്ളി | കിലോഗ്രാം | 68.00 | 61.95 | 62.52 | 0.92 | -8.06 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 162.32 | 143.55 | 141.61 | -1.35 | -12.76 |
| 5 | ജീരകം | 100 ഗ്രാം | 29.79 | 29.82 | 30.00 | 0.60 | 0.70 |
| 6 | കടുക് | 100 ഗ്രാം | 8.86 | 9.29 | 9.43 | 1.51 | 6.43 |
| 7 | ഉലുവ | 100 ഗ്രാം | 9.36 | 9.63 | 9.80 | 1.77 | 4.70 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.54 | 18.96 | 18.96 | 0.00 | 2.27 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.11 | 11.88 | 12.55 | 5.64 | 76.51 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 444.79 | 419.27 | 414.23 | -1.20 | -6.87 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 36.23 | 37.61 | 38.98 | 3.64 | 7.59 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 22.00 | 27.27 | 27.00 | -0.99 | 22.73 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 33.57 | 28.14 | 27.41 | -2.59 | -18.35 |
| 4 | ചേമ്പ് | കിലോഗ്രാം | 61.09 | 69.98 | 68.92 | -1.51 | 12.82 |
| 5 | ബീററൂട്ട് | കിലോഗ്രാം | 43.80 | 41.29 | 44.50 | 7.77 | 1.60 |
| 6 | കാരററ് | കിലോഗ്രാം | 49.80 | 59.88 | 67.09 | 12.04 | 34.72 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 25.21 | 24.48 | 24.48 | 0.00 | -2.90 |
| 2 | വഴുതന | കിലോഗ്രാം | 35.45 | 37.43 | 35.55 | -5.02 | 0.28 |
| 3 | മത്തങ്ങ | കിലോഗ്രാം | 23.23 | 28.25 | 27.20 | -3.72 | 17.09 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 28.82 | 24.27 | 21.71 | -10.55 | -24.67 |
| 5 | വെണ്ടക്ക | കിലോഗ്രാം | 38.23 | 39.93 | 36.02 | -9.79 | -5.78 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 56.86 | 89.98 | 54.52 | -39.41 | -4.12 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.68 | 52.07 | 48.45 | -6.95 | -8.03 |
| 8 | കാബേജ് | കിലോഗ്രാം | 28.46 | 39.77 | 42.21 | 6.14 | 48.31 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.32 | 58.70 | 51.02 | -13.08 | 1.39 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 29.59 | 24.04 | 23.09 | -3.95 | -21.97 |
| 11 | പടവലങ്ങ | കിലോഗ്രാം | 37.96 | 41.36 | 36.75 | -11.15 | -3.19 |
| 12 | തക്കാളി | കിലോഗ്രാം | 27.41 | 39.73 | 37.20 | -6.37 | 35.72 |
| 13 | പച്ചമുളക് | 100 ഗ്രാം | 7.37 | 7.27 | 6.10 | -16.09 | -17.23 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 45.14 | 56.20 | 45.50 | -19.04 | 0.80 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 34.36 | 33.29 | 35.82 | 7.60 | 4.25 |

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2018 | ജൂലൈ 2019 | ആഗസ്ത് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 117.50 | 111.88 | 107.26 | -4.12 | -8.71 |
| 2 | മുസമ്പി | കിലോഗ്രാം | 64.25 | 70.87 | 70.38 | -0.70 | 9.53 |
| 3 | മാതളം | കിലോഗ്രാം | 103.13 | 99.69 | 104.50 | 4.83 | 1.33 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 140.00 | 175.00 | 145.33 | -16.95 | 3.81 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 53.25 | 63.78 | 54.03 | -15.28 | 1.46 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 29.16 | 35.17 | 39.61 | 12.62 | 35.85 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 48.20 | 58.63 | 74.09 | 26.36 | 53.70 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 48.11 | 50.08 | 55.20 | 10.23 | 14.74 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.09 | 31.08 | 36.07 | 16.06 | 33.14 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 50.45 | 55.58 | 64.66 | 16.34 | 28.15 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.30 | 21.80 | 22.84 | 4.77 | 18.37 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 69.00 | 97.85 | 136.94 | 39.96 | 98.47 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 81.72 | 96.14 | 109.54 | 13.94 | 34.04 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.39 | 20.00 | 20.00 | 0.00 | -1.91 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.23 | 29.77 | 29.79 | 0.07 | 5.53 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 501.67 | 495.00 | 495.00 | 0.00 | -1.33 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 405.47 | 402.68 | 398.39 | -1.07 | -1.75 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 400.16 | 396.96 | 392.68 | -1.08 | -1.87 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.56 | 53.63 | 52.55 | -2.01 | -5.42 |